**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 988** **12-06-2024 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വന്യജീവി ആക്രമണം മൂലം മരണപ്പെട്ടവരുടെ കണക്കുകൾ ജില്ലാ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാമ്പു കടിയേറ്റും, തേനീച്ച, കടന്നൽ എന്നിവയുടെ കുത്തേറ്റും ഉൾപ്പെടെ മനുഷ്യ-വന്യമൃഗ സംഘർഷത്തിൽ മരണ-പ്പെട്ടവരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധം ആയി ചേർക്കുന്നു. |
| (ബി) | മരണപ്പെട്ടവരുടെ ആശ്രിതർക്ക് അർഹമായ നഷ്ടപരിഹാര തുക നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | മനുഷ്യ-വന്യജീവി സംഘർഷത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് 1980 ലെ 'കേരള റൂൾസ് ഫോർ പേയ്മെൻറ് ഓഫ് കോമ്പൻസേഷൻ റ്റു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ്' ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ കാലാ കാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളനുസരിച്ചാണ് നഷ്ടപരിഹാരം അനുവദിക്കുന്നത്. നഷ്ടപരിഹാരം ലഭ്യമാകുന്നതിന് മരണപ്പെട്ടവരുടെ ആശ്രിതരിൽ നിന്നും മതിയായ എല്ലാ രേഖകളും സഹിതം ലഭിക്കുന്ന അപേക്ഷകളിന്മേൽ ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് തുക അനുവദിച്ചു വരുന്നുണ്ട്. |
| (സി) | കാട്ടാനകൾ ജനവാസ കേന്ദ്രത്തിൽ ഇറങ്ങിയത് റിപ്പോർട്ട് ചെയ്യാൻ പോയ മാധ്യമ പ്രവർത്തകൻ മരണപ്പെട്ട സംഭവത്തിൽ ആശ്രിതർക്ക് അർഹമായ നഷ്ടപരിഹാര തുക നൽകിയിട്ടുണ്ടോ? | (സി) | കാട്ടാനകൾ ജനവാസ കേന്ദ്രത്തിൽ ഇറങ്ങിയത് റിപ്പോർട്ട് ചെയ്യുവാൻ പോയ മാധ്യമ പ്രവർത്തകൻ മരണപ്പെട്ടതുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരം ലഭിക്കുന്നതിന് അപേക്ഷയൊന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം-US Question988

| ക്രമ നം | ജില്ല | മരണമടഞ്ഞവരുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 19 |
| 2 | കൊല്ലം | 20 |
| 3 | പത്തനംതിട്ട | 7 |
| 4 | ആലപ്പുഴ | 13 |
| 5 | കോട്ടയം | 9 |
| 6 | ഇടുക്കി | 25 |
| 7 | എറണാകുളം | 11 |
| 8 | തൃശ്ശൂർ | 37 |
| 9 | പാലക്കാട് | 76 |
| 10 | മലപ്പുറം | 25 |
| 11 | കോഴിക്കോട് | 19 |
| 12 | വയനാട് | 20 |
| 13 | കണ്ണൂർ | 39 |
| 14 | കാസർഗോഡ് | 16 |
| ആകെ | | 336 |